**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4282** **01-07-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം-മേപ്പയ്യൂർ റോഡിന്റെ നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിൽ നിന്നും 36 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി ലഭിക്കുകയും ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്ന കൊല്ലം-മേപ്പയ്യൂർ റോഡിന്റെ നവീകരണ പ്രവൃത്തി താൽക്കാലികമായി നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള തടസ്സം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | 20/08/2016-ലെ ൽ G.O (Rt) No. 1192/2016/PWD നമ്പർ ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ കൊല്ലം – നെല്ലിയാടി - മേപ്പയ്യൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി 5.098 കോടി രൂപ ഉൾപ്പെടെ 28/10/2020-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 38.95 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുടെ ഭാഗമായി കൊയിലാണ്ടി താലൂക്കിൽ 1.6555 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 02/11/2021-ലെ G.O (Rt) No. 3675/2021/RD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും സാമൂഹിക ആഘാത പഠനം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. 12/10/2023-ലെ APR-1/5676/2022/KIIFB നമ്പർ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തി deferred ലിസ്റ്റിൽ ഉൾപ്പെടുത്തി തൽക്കാലത്തേയ്ക്ക് മാറ്റി വയ്ക്കുന്നതായി കിഫ്ബി നിർവ്വഹണ ഏജൻസിയെ അറിയിച്ചിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ എസ്ഐഎ പഠനം വരെ മുന്നേറിയതിനാൽ, പ്രസ്തുത പ്രവൃത്തി deferred ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഭൂമിയേറ്റെടുക്കലുമായി മുന്നോട്ടു പോകുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് നിർവ്വഹണ ഏജൻസി സമർപ്പിച്ച അപേക്ഷ നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ